# പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

05-08-2021

### (9) ചട്ടം 300 പ്രകാരമുള്ള പ്രസ്താനവയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിലെ വൈരുദ്ധ്യം

2021 ആഗസ്റ്റ് 5-ാം തീയതി ധനകാര്യത്തിനുമുമ്പായി, ചട്ടം 300 പ്രകാരം 4-08-2021-ന് ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയ്ക്ക് വിരുദ്ധമായാണ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും കടകളും പൊതു സ്വകാര്യ സ്ഥാപനങ്ങളും സന്ദർശിക്കുന്നവർ ആദ്യ ഡോസ് വാക്സിൻ എടുത്തവരോ 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ നെഗറ്റീവ് ഫലം ലഭിച്ചവരോ ഒരു മാസത്തിനുള്ളിൽ കോവിഡ് രോഗമുക്തി നേടിയവരോ ആകുന്നതാണ് അഭികാമ്യമെന്ന മന്ത്രിയുടെ പ്രസ്താവന ഉത്തരവിൽ നിർബന്ധമാക്കിയിരിക്കുകയാണെന്നും അപ്രായോഗികമായ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് ദുരുപയോഗം ചെയ്യാനിടയുണ്ടെന്നും ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയുടെ അന്തസ്സത്തയ്ക്ക് കടകവിരുദ്ധമായി ഉത്തരവിറക്കുന്നത് ഓർഡറിലല്ലെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നം

ഉന്നയിച്ചു.

പൊതുപ്രാധാന്യമർഹിക്കുന്ന വിഷയമായതിനാലാണ് ചട്ടം 300 പ്രകാരം സഭയിൽ പ്രസ്താവന നടത്തിയതെന്നും ചട്ടപ്രകാരമുള്ള പ്രസ്താവനയും ഉത്തരവും തമ്മിൽ വൈരുദ്ധ്യങ്ങളില്ലെന്നും ആരോഗ്യ-വനിതാ-ശിശു വികസന വകുപ്പുമന്ത്രി വ്യക്തമാക്കി.